# വിജിലൻറ്കേരള പ്രോഗ്രാം

ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും, കോർപ്പറേഷനിലും നടപ്പാക്കപ്പെടുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലൻറ്കേരള.

ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്ത് 100 % അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും, ഭരണ സംവിധാനങ്ങളുമാണ് വിജിലൻറ്കേരള പദ്ധതി നടപ്പിലാകുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

## 1) വിജിലൻറ്കേരളയുടെ ലക്ഷ്യങ്ങൾ

**(i)** ഒരു പ്രദേശത്തെ ഏതെങ്കിലും സർക്കാർ സ്കീമിലോ, പദ്ധതിയിലോ, പണിയിലോ, നടത്തിപ്പിലോ, ഓഫീസിലോ അഴിമിതി കണ്ടാൽ സത്യസന്ധമായും കൃത്യമായും വ്യക്തമായും എന്റെ പ്രശ്നത്തിൽ പോസ്റ്റ് ചെയ്യുന്നത് പ്രദേശത്തെ അഴിമതിരഹിതമാക്കാൻ സഹായകമാകും. എന്റെ പ്രശ്നമായി കണ്ട് അതിൻറ്റെ പരിഹാരത്തിനായി ആ പ്രദേശത്തെ ആളുകൾ പങ്കാളികളാവുക എന്നതാണ് ഉദ്ദേശിക്കുന്നത്

**(ii)** സമൂഹത്തിൽ അഴിമതി ചെയ്തതിനുശേഷം നടപടിയെടുക്കുക എന്ന സ്ഥിരം സംവിധാനത്തിൽ നിന്നും മാറി അഴിമതി നടക്കുന്നതിനു മുമ്പേ തന്നെ അഴിമതി സാദ്ധ്യതകൾ കണ്ടെത്തി അതിനെ തടയുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന പ്രത്യേകതയും ലക്ഷ്യവും.

**(iii)** പരാതി സംസ്കാരത്തിൽ നിന്നും പങ്കാളിത്ത പ്രശ്നപരിഹാര സംസ്കാരത്തിലേയ്ക്കുള്ള മാറ്റമാണ് വിജിലൻറ് കേരള ലക്ഷ്യമിടുന്നത്. നിലവിൽ പരാതികൾ നൽകി മറ്റാരെങ്കിലും പരിഹരിച്ച് നൽകട്ടെ എന്ന മനോഭാവം ശീലിച്ചു വരുന്നവരാണ് കേരളത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും. ഒരു തദ്ദേശസ്വയംഭരണ പ്രദേശത്തെ പല പരാതികളും അല്പം ശ്രദ്ധ വയ്ക്കുകയാണെങ്കിൽ പ്രദേശ വാസികള്ക്കുതന്നെ കൂട്ടായ്മയിലൂടെ പരിഹരിക്കാവുന്നതാണ്.

**(iv)** അജ്ഞത കൊണ്ട് തന്നെ പല സേവനങ്ങളും പൊതുജനങ്ങൾക്ക് സമയോചിതമായോ, വേണ്ട ഗുണനിലവാരത്തിലോ, അളവിലോ കിട്ടാതെ വരുകയാണ്. അതുകൊണ്ട് തന്നെ, പൊതുജനങ്ങൾക്ക് നിയമ പരിജ്ഞാനം ഉണ്ടാക്കുന്നതോടൊപ്പം എങ്ങിനെയാണ് തന്റെ പ്രശ്നത്തിന് പ്രതികരിക്കേണ്ടത് എന്നും മനസ്സിലാക്കി കൊടുക്കുക എന്ന പരമ പ്രധാനമായ ലക്ഷ്യവും വിജിലൻറ് കേരളയ്ക്കുണ്ട്.

**(v)** ഏറ്റവും കുറഞ്ഞ സമയം കൊണ്ട് പ്രശ്നത്തിന് പരിഹാരം നേടുകയും ഇതേ തരം പ്രശ്നങ്ങൾ ഒരു പ്രദേശത്ത് വീണ്ടും ഉണ്ടാകാതിരിക്കുക എന്നതും വിജിലൻറ്കേരള ലക്ഷ്യമിടുന്നുണ്ട്.

**(vi)** പൊതുജനങ്ങളുടെ മേൽനോട്ടത്തിൽ സാമൂഹിക നിരീക്ഷണ വേദികൾ സൃഷ്ടിച്ചെടുത്ത് പദ്ധതി വിഹിതത്തിൻെറ ശരിയായ വിതരണവും നിർവ്വഹണവും സർക്കാർ സേവനങ്ങളും നൂറു ശതമാനവും ഉറപ്പാക്കുകയെന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്.

**(vii)** ഈ പദ്ധതി ലക്ഷ്യമിടുന്നത് അഴിമതിക്ക് ശിക്ഷാവിധികൾ നേടിക്കൊടുക്കലല്ല. മറിച്ച് ശിക്ഷിക്കപ്പെടുവാനുള്ള സാദ്ധ്യത സൃഷ്ടിക്കാതിരിക്കുക എന്നതാണ്.

പൈലറ്റ് പ്രോജെക്ടായി എറണാകുളം മുതൽ വടക്കോട്ട് കാസർഗോഡ് വരെ 8 ജില്ലകളിലെ 44 പഞ്ചായത്തുകളിൽ 2014 സെപ്റ്റംബർ മാസം വിജിലൻറ്കേരള ആരംഭിച്ചു. 2015 മാർച്ചിൽ, മുനിസിപ്പാലിറ്റികളും, കോർപറേഷനുകളും കൂടി പൈലറ്റ് പ്രോജക്ടായി തിരഞ്ഞെടുത്ത് രണ്ടാം ഘട്ടത്തിലേക്ക് കടന്നു. 8 ജില്ലകളിലെ പൈലറ്റ് പ്രൊജക്റ്റ് പ്രദേശങ്ങൾ അനുബന്ധം -1 വിവരിക്കുന്നു.

## 2) വിജിലന്റ്കേരളയുടെ ഘടന

വിജിലൻറ്കേരളയുടെ പ്രവർത്തനത്തിൽ ഏഴു തരം പങ്കാളികളുണ്ട്

ഗ്രൂപ്പ്-1 സർക്കാർ, അർദ്ധ സർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ

__ഗ്രൂപ്പ് -2__ അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി, സജീവ പങ്കാളികളാവുന്നവർ - ഓരോ പ്രദേശത്തും താമസിക്കുന്നവരും അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തക്ക അറിവും കാര്യപ്രാപ്തിയും, മനോഭാവവും, സത്യസന്ധതയും, സാമൂഹിക പ്രതിബദ്ധതയും ഉള്ള അംഗങ്ങളെയാണ് കോയിലേഷൻ മെമ്പർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

__ഗ്രൂപ്പ് -3__ പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും

__ഗ്രൂപ്പ്-4__ ജില്ലയിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും
__ഗ്രൂപ്പ് -5__ ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും
__ഗ്രൂപ്പ്-6__ വകുപ്പ് മേധാവികൾ, പൊതുമേഖല സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ
__ഗ്രൂപ്പ്-7__ വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ

## 3) വിജിലന്റ്കേരള ഓപ്പറേഷൻ

ഒരാൾ വിജിലൻറ് കേരളയുടെ വെബ് സൈറ്റിൽ സന്ദർശിച്ച് തൻെറ പ്രശ്നം പോസ്റ്റ് ചെയ്താൽ; രണ്ടും, മൂന്നും ഗ്രൂപ്പുകൾ ***(അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി, സജീവ പങ്കാളികളാവുന്നവരും) (പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും)*** പ്രശ്നം പരിശോധിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത കാര്യത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുന്നതാണ്. അവർക്ക് തീർക്കാൻ പറ്റാത്ത പ്രശ്നങ്ങൾ ഗ്രൂപ്പ്-5 ലേക്ക് ***(ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും)*** 30 ദിവസം കഴിഞ്ഞ് ഓട്ടോമാറ്റിക്കായി ഓൺലൈനിൽ വരുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഗ്രൂപ്പ്-5 പരിഹരിച്ചില്ലെങ്കിൽ ഗ്രൂപ്പ്-6 ***(വകുപ്പ് മേധാവികൾ, പൊതുമേഖല സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ)*** പരിശോധിച്ച് പ്രശ്നം 30 ദിവസത്തിനുള്ളിൽ കൈകാര്യം ചെയ്യുന്നതാണ് ബന്ധപ്പെട്ട ഔദ്യോഗിക തലങ്ങളിലെല്ലാം പരിശോധിച്ചശേഷം താൻ അവതരിപ്പിച്ച പ്രശ്നത്തിന്റെ റിസൽറ്റ് അവസാനം എന്തെന്ന് അറിയുവാനും കഴിയുന്ന ഏകജാലക സംവിധാനമാണിത്. അഴിമതി കണ്ടാൽ, നേരിട്ടാൽ അവയുടെ ഫോട്ടോ,

വീഡിയോ, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം വിജിലൻറ്കേരള വെബ്സൈറ്റിൽ പോസ്റ്റ് ചെയ്താൽ പ്രശ്ന പരിഹാരം നിശ്ചയമായും സമയപരിധിക്കുള്ളിൽ സാധ്യമാകും.

വിജിലൻറ് കേരളയിൽ പങ്കാളിയാകാൻ http://vigilantkerala.in എന്ന വെബ്സൈറ്റിൽ ഇ-മെയിലോ മൊബൈൽ നമ്പരോ ഉപയോഗപ്പെടുത്തി അതത് ഗ്രൂപ്പിൽ ഉള്ളവർ സൈൻ ഇൻ ചെയ്യേണ്ടതാണ്.

അഴിമതി വിരുദ്ധ പ്രവർത്തങ്ങൾക്ക് സഹായകമാകുന്ന ആശയങ്ങളെ രൂപപ്പെടുത്തുന്നതിനും ആന്റി കറപ്ഷൻ ബെസ്റ്റ് പ്രാക്ടീസസ് വികസിപ്പിക്കുന്നതിനും വേണ്ടിയും ഏതെങ്കിലും വിഷയത്തിൽ ചർച്ചകൾ തുടങ്ങാനും തുടരാനും വേണ്ടിയും ചർച്ചാവേദിയും വെബ് സൈറ്റിന്റെ ഭാഗമായി ഉണ്ട്

## 4) സോഷ്യൽ മീഡിയ ഉപയോഗം

വിജിലന്റ്കേരള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേക്കും, യുവാക്കളിലേക്കും കൂടുതൽ ജനങ്ങളിലേക്കും എത്തിക്കുന്നതിലേക്കായി സോഷ്യൽ മീഡിയ വഴിയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. അതിലേക്കായി ഫേസ്ബുകിലും, ടിറ്ററിലും, യുടുബിലും വിജിലന്റ്കേരള പേജുകൾ തുടങ്ങിയിട്ടുണ്ട്.

**Facebook - https://www.facebook.com/vigilantkerala**

**Twitter - https://twitter.com/vigilantkerala**

**Youtube - http://www.youtube.com/vigilantkerala**

## 5) പൊതുജനങ്ങൾക്കുള്ള ഗുണങ്ങൾ

സമൂഹത്തിന്റെ എല്ലാ തലത്തിലേക്കും കോയിലേഷൻ അംഗങ്ങൾ മുഖേനയും അല്ലാതെയും ഉള്ള വിജിലൻസിന്റെ സാന്നിധ്യവും, എല്ലാ സ്കീമുകളിലുമുള്ള സദ്ഭരണ (Good Governance) പ്രവർത്തനങ്ങളും, ഗുണമേന്മയുള്ള ജീവിതം (Quality of life) ജനങ്ങൾക്ക് നൽകാൻ കഴിയുന്നു.

വികസനത്തിനായും സാമൂഹിക സുരക്ഷക്കായും വിനിയോഗിക്കുന്ന തുക സമയോചിതമായും, ഗുണനിലവാരത്തോടേയും, പരമാവധി

അർഹതപ്പെട്ടവരിലേക്ക് തന്നെ എത്തിക്കുവാൻ സാധിക്കും. സർക്കാർ സേവനങ്ങൾ ജനങ്ങളിൽ ക്രൃത്യമായും അഴിമതി രഹിതമായും എത്തുന്നതോടെ ഭരണ നിർവ്വഹണത്തിൽ പൊതുജനങ്ങൾക്ക് കൂടുതൽ സംതൃപ്തി ലഭിക്കുന്നു.

## 6) ഡിപ്പാർട്ട്മെന്റ്കൾക്കുള്ള ഗുണങ്ങൾ

ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്തുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളേയും സംബന്ധിച്ചുള്ള പൊതുജനങ്ങൾക്കുള്ള പ്രശ്നങ്ങൾ വിജിലൻസ് കേരളയിൽ പോസ്റ്റു ചെയ്യപ്പെടുന്നതുകൊണ്ട്, വകുപ്പ് സെക്രട്ടറി വരെയുള്ള വിവിധ സൂപ്പർവൈസറി തലങ്ങളിൽ ആ പ്രസ്തുത വകുപ്പിലെ താഴെ തട്ടിലുള്ള പദ്ധതി നിർവ്വഹണ പ്രശ്നങ്ങൾ ഓൺലൈനായി മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഒരു പ്രദേശത്തുള്ള പ്രവർത്തനങ്ങളെപ്പറ്റി നാട്ടുകാർക്കുള്ള വിഷയങ്ങൾ കൃത്യമായി നിർണ്ണയിക്കാനും രേഖപ്പെടുത്താനും ഒട്ടും താമസംകൂടാതെ മതിയായ പ്രശ്നപരിഹാര / വ്യതിയാന നടപടികൾ സ്വീകരിക്കാനും സാധിക്കുന്നു. ഇതുമൂലം ഓരോ സ്വയംഭരണ പ്രദേശത്തുമുള്ള വിവിധ സർക്കാർ സ്ക്കീമുകളുടേയും പദ്ധതികളുടേയും നടത്തിപ്പിൽ കൂടുതൽ ജനപങ്കാളിത്തവും അതുവഴി കൂടുതൽ സംതൃപ്തിയും വിജിലൻസ് കേരള വഴി ഡിപ്പാർട്ടുമെന്റുകൾക്ക് ലഭിക്കുന്നതാണ്. ഓരോ ഡിപ്പാർട്ടുമെന്റുകളും വിവിധങ്ങളായ സ്ഖീമുകൾക്ക് വിലയിരുത്തുന്ന പദ്ധതി അടങ്കൽ തുക ഒരു ചോർച്ചയും ഇല്ലാതെ തദ്ദേശ സ്വയംഭരണ പ്രദേശത്തുള്ള ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ലഭിക്കുന്നതുമൂലം ഒരോ വകുപ്പിന്റെയും പദ്ധതി ലക്ഷ്യങ്ങൾ പൂർണ്ണമായി നിറവേറ്റപ്പെടുന്നു.

## 7) വിജിലൻസിനുള്ള ഗുണങ്ങൾ

സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും വിജിലൻസിനേയും അതിന്റെ അഴിമതി നിരോധന പ്രവർത്തനങ്ങളെയും കാര്യക്ഷമമായി എത്തിക്കുവാൻ സാധിക്കും. രണ്ടും, മൂന്നും ഗ്രൂപ്പുകൾ തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം മൂലം വിജിലൻസിന്റെ ജോലി ഭാരം കുറക്കുവാനും സംയോജിതമായി പ്രവർത്തിക്കാനും സാധിക്കുന്നു അത് വിജിലൻസിന് എല്ലാ തലത്തിലുള്ള ജനങ്ങളിൽ നിന്നുമുള്ള പങ്കാളിത്തം

നേടുവാനും സമൂഹത്തിൽ സത്യസന്ധരായ ഉദ്യോഗസ്ഥ വൃന്ദത്തെ രൂപപ്പെടുത്താനും സാധിക്കും.

വിജിലൻറ് കേരള എന്ന ആശയം മുന്നോട്ട് വയ്ക്കുന്നത് ഒരു പൂർണ്ണ അഴിമതി പ്രതിരോധസംവിധാനം എന്ന രീതിയിലാണ്. അഴിമതിയെ നേരിടുന്നതിനേക്കാൾ നല്ലത് അഴിമതിക്ക് ഇടം കൊടുക്കാൻ സാധ്യമാകാത്ത സാഹചര്യം സൃഷ്ടിച്ചെടുക്കലാണ്. പൊതുജനങ്ങൾ തന്റെ പ്രദേശത്ത് നടക്കുന്ന അഴിമതി എന്താണെന്ന് മനസിലാക്കുന്നുണ്ടെങ്കിലും അതിനെ ചെറുക്കുന്നതിൽ തൻെറ പങ്ക് എന്താണെന്ന് മനസിലാക്കുന്നില്ല, എന്നു മാത്രമല്ല അഴിമതിയിലൂടെ ചോർന്നുപോകുന്ന പണത്തിൽ എത്ര കണ്ട് തൻെറ പണം ഉണ്ടെന്ന് മനസിലാക്കുന്നില്ല, ഓരോ പ്രദേശത്തും നടപ്പാക്കുന്ന വിവിധങ്ങളായ സ്കീമുകളിലും പദ്ധതികളിലും സേവനങ്ങളിലും വരുന്ന വീഴ്ചകളും, ഗുണനിലവാരക്കുറവും, താമസങ്ങളും കൊണ്ടുണ്ടാകുന്ന നഷ്ടങ്ങൾ എത്രയെന്നും എങ്ങിനെയെന്നും തിരിച്ചറിയാൻ സാധിച്ചാൽ, ആദ്യ മൂന്ന് ഗ്രൂപ്പുകൾ ഒത്തൊരുമിച്ച് അഴിമതിക്ക് അറുതിവരുത്തുമെന്നാണ് വിജിലൻറ് കേരളയുടെ ഇതുവരെയുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനങ്ങളിൽ നിന്ന് മനസിലാകുന്നത്. നഗരപ്രദേശങ്ങളിൽ വിജിലൻറ് കേരള എങ്ങിനെയാണ് നടപ്പാക്കുകയെന്നത് പരീക്ഷണഘട്ടത്തിലാണ്. അടുത്ത മൂന്ന് മാസം കഴിയുമ്പോൾ ഒരു വ്യക്തമായ രൂപരേഖയോടെ മറ്റ് പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വിജിലൻറ്കേരള വിപുലീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഏപ്രിൽ 21, 2015